പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2550 **28-10-2026-ൽ മറുപടിയ്ക്ക്**

ഇ-ഗ്രാന്റ്സ്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. കെ. വി. സുമേഷ് ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) പട്ടികജാതി പട്ടികവർഗ പിന്നാക്ക വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് നിലവിൽ നൽകിക്കൊണ്ടിരിക്കുന്ന ഇ-ഗ്രാന്റ്സ് ഏതൊക്കെയാണെന്ന് തരംതിരിച്ച് വിശദമാക്കാമോ;

മറുപടി: പട്ടികജാതി പട്ടികവർഗ വിഭാഗ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പ്രീമെട്രിക് സ്കോളർഷിപ്പ്- സംസ്ഥാനത്തെ എല്ലാ സർക്കാർ/ എയ്ഡഡ്/ അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി പട്ടികവർഗ വിഭാഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ ലംപ്സം ഗ്രാന്റ്, എഡ്യൂക്കേഷൻ എയ്ഡ്, ദുർബല വിഭാഗ സ്റ്റൈപ്പന്റ്, ഫീസ് റീ ഇംബേഴ്സ്മെന്റ്, വിദ്യാലയ വികാസ് നിധി എന്നീ ഘടകങ്ങൾ അനുവദിക്കുന്നു. 9-10 ക്ലാസുകളിൽ പഠിക്കുന്നതും കുടുംബ വാർഷിക വരുമാന പരിധി Rs. 2,50,000/- വരെയുള്ളതുമായ പട്ടികജാതി, പട്ടികവർഗ വിഭാഗം വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ച നിബന്ധനകളുടെ അടിസ്ഥാനത്തിൽ 40:60, 25:75 സംസ്ഥാന – കേന്ദ്ര അനുപാതത്തിൽ നടപ്പിലാക്കി വരുന്നു.

അനാരോഗ്യകരമായ ചുറ്റുപാടുകളിൽ ജോലിചെയ്യുന്നവരുടെ ആശ്രിതർക്ക് പ്രസ്തുത പദ്ധതിയിൽ ജാതി/ വരുമാന പരിധി ബാധകമാക്കാതെ സ്കോളർഷിപ്പ് കേന്ദ്രമാർഗ്ഗ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ 40:60 സംസ്ഥാന – കേന്ദ്ര അനുപാതത്തിൽ നടപ്പിലാക്കി വരുന്നു.

2. പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്-- പട്ടികജാതി, പട്ടികവർഗ വിഭാഗത്തിൽപെട്ട ഹയർസെക്കന്ററി മുതലുള്ള വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ ഇ-ഗ്രാന്റ്സ് പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി അനുവദിക്കുന്നു. കുടുംബ വാർഷിക വരുമാനം 2.5 ലക്ഷം വരെയുള്ള പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് കേന്ദ്രസർക്കാർ നിശ്ചയിച്ച നിബന്ധനകളുടെ അടിസ്ഥാനത്തിൽ 40:60, 25:75 സംസ്ഥാന – കേന്ദ്ര അനുപാതത്തിൽ സ്കോളർഷിപ്പ് നടപ്പിലാക്കി വരുന്നു.

3. സ്പെഷ്യൽ ഇൻസെന്റീവ് പദ്ധതി --വിവിധ വാർഷിക പരീക്ഷകളിൽ ഉന്നത വിജയം നേടുന്ന പട്ടികജാതി, പട്ടികവർഗ വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ ഇൻസെന്റീവ് അനുവദിക്കുന്നു.

4. ശ്രീ. അയ്യങ്കാളി മെമ്മോറിയൽ ടാലെന്റ് സെർച്ച് & ഡെവലപ്മെന്റ് സ്കോളർഷിപ്പ്- 5, 8 ക്ലാസുകളിൽ പഠിക്കുന്ന പട്ടികജാതി, പട്ടികവർഗ വിദ്യാത്ഥികളിൽ നിന്നും സംസ്ഥാന തലത്തിൽ നടത്തുന്ന സ്കോളർഷിപ്പ് പരീക്ഷ മുഖേന തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് 5 -10 വരെയുള്ള ക്ലാസുകളിൽ സ്കോളർഷിപ്പ് അനുവദിക്കുന്നു.

5. ഉന്നതി ഓവർസീസ് സ്കോളർഷിപ്പ്– ടൈംസ് ഹയർ എഡ്യൂക്കേഷൻ വേൾഡ് യൂണിവേഴ്സിറ്റി റാങ്കിംഗിൽ ആദ്യ 500 സ്ഥാനങ്ങളിൽ ഉൾപ്പെടുന്ന സർവ്വകലാശാലകളിൽ ബിരുദാനന്തര ബിരുദം, അതിനു തുല്യമായ ബിരുദാനന്തര ബിരുദ ഡിപ്ലോമ, എം.ഫിൽ, പി.എച്ച്.ഡി, പോസ്റ്റ് ഡോക്ടറൽ പ്രോഗ്രാമുകൾ എന്നീ കോഴ്സുകളിൽ ഓരോ അദ്ധ്യയന വർഷവും 225 പട്ടികജാതി വിദ്യാർത്ഥികൾക്കും, 50പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ഉന്നതി ഓവർസീസ് സ്കോളർഷിപ്പ് അനുവദിച്ചുവരുന്നു.

പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. ഒഇസി പ്രീമെട്രിക് വിദ്യാഭ്യാസാനുകൂല്യ പദ്ധതി– സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് /അൺ-എയ്ഡഡ്/അഫിലിയേറ്റഡ് സ്കൂളുകളിൽ 1 മുതൽ 10 വരെ ക്ലാസുകളിൽ പഠിക്കുന്ന ഒഇ.സി/ ഒ.ബി.സിഎച്ച് വിഭാഗങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്നു. ഒഇ.സി സമുദായങ്ങൾക്ക് വരുമാന പരിധിയില്ല. ഒ.ബി.സി (എച്ച്)ന് 6 ലക്ഷം രൂപയാണ് വരുമാന പരിധി.

2. PM-YASASVI പ്രീമെട്രിക് സ്കോളർഷിപ്പ് ഫോർ ഒബി.സി, ഇബി.സി. 60% കേന്ദ്ര സഹായത്തോടെ സംസ്ഥാനത്തെ ഒബിസി, ഇ.ബി.സി വിഭാഗങ്ങളിലെ 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കായി നടപ്പാക്കുന്ന പദ്ധതി പ്രകാരം 4000/- രൂപ വീതം സ്കോളർഷിപ്പ് അനുവദിക്കുന്നു. വരുമാന പരിധി 2.5 ലക്ഷം രൂപ.

3. കെടാവിളക്ക് സ്കോളർഷിപ് പദ്ധതി

-സംസ്ഥാനത്തെ സ്കൂളുകളിലെ 1 മുതൽ 8 വരെ ക്ലാസുകളിലെ മാർക്കിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞടുക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിവർഷം 1500 രൂപ സ്കോളർഷിപ്പ് നൽകുന്ന സംസ്ഥാന സർക്കാർ പദ്ധതി. കുടുംബ വാർഷിക വരുമാന പരിധി 2.50 ലക്ഷം

4. ഒ.ഇ.സി, ഒബി.സി-എച്ച്, എസ്.ഇ.ബി.സി പോസ്റ്റ്-മെടിക് വിദ്യാഭ്യാസാനുകൂല്യം. ഹയർസെക്കന്ററി മുതൽ പി.എച്ച്.ഡി വരെയുള്ള കോഴ്സുകളിൽ പ്രവേശനം നേടുന്ന ഒ.ഇ.സി/ ഒ.ബി.സി എച്ച് , എസ്.ഇ.ബിസി വിഭാഗം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്ന പദ്ധതി. ഒഇ.സി വിഭാഗങ്ങൾക്ക് വരുമാന പരിധി ഇല്ല. ഒഇ.സി ക്കു സമാനമായ വിദ്യാഭ്യാസാനുകൂല്യം അനുവദിക്കുന്ന 30 സമുദായങ്ങളിൽ ഉൾപ്പെട്ടുവരുടെ വരുമാന പരിധി 6 ലക്ഷം രൂപ. കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ S E B C വിഭാഗത്തിൽപ്പെട്ട സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിലെ പോസ്റ്റ്മെടിക് വിദ്യാർത്ഥികൾക്കും സ്വാശ്രയ എൻജിനിയറിങ് കോഴ്സുകളിലെ വിദ്യാർത്ഥികൾക്കും സർക്കാർ നിരക്കിലുള്ള ഫീസ് അനുവദിക്കുന്നു. KPCR വിദ്യാഭ്യാസാനുകൂല്യത്തിനുള്ള കുടുംബ വാർഷിക വരുമാന പരിധി - 1 ലക്ഷം രൂപ.

5. **PM-YASASVI പോസ്റ്റ്മെടിക് സ്കോളർഷിപ്പ് ഫോർ ഒബിസി, ഇ.ബി.സി**.- സംസ്ഥാനത്തിനകത്ത് സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലെ ഹയർസെക്കന്ററി/വോക്കേഷണൽ ഹയർസെക്കന്ററി കോഴ്സുകൾക്കും CA/CMA/CS കോഴ്സുകൾക്കും കേന്ദ്ര സ്ഥാപനങ്ങളിലെ പോസ്റ്റ്-മെടിക് കോഴ്സുകൾക്കും പഠിക്കുന്ന ഒബി.സി/ഇ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിന് പുറത്തെ ദേശീയ പ്രാധാന്യമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്കും അഖിലേന്ത്യാ ക്വാട്ടയിൽ മറ്റ് സർക്കാർ സ്ഥാപനങ്ങളിലെ ബിരുദ/ബിരുദാനന്തര കോഴ്സുകൾക്കും പ്രവേശനം നേടിയ ഒബിസി, ഇ.ബി.സി വിഭാഗം വിദ്യാർത്ഥികൾക്കും 60% കേന്ദ്ര സഹായത്തോടെ സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി. വരുമാന പരിധി 2.5 ലക്ഷം രൂപ.

6. ഒബിസി പെൺകുട്ടികൾക്കുള്ള പ്രത്യേക സ്കോളർഷിപ്പ്.

മെഡിക്കൽ/മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പഠിക്കുന്നതും, മാതാവിനെയോ പിതാവിനെയോ അല്ലെങ്കിൽ ഇരുവരേയുമോ നഷ്ടപ്പെട്ട മറ്റ് പിന്നാക്ക വിഭാഗങ്ങളിലെ പെൺക്കുട്ടികൾക്ക് വിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി. കുടുംബ വാർഷിക വരുമാന പരിധി 2.5 ലക്ഷം രൂപ. പ്രതിവർഷം 50,000/- രൂപ സ്കോളർഷിപ്പ് അനുവദിക്കുന്നു.

7. ഓവർസീസ് സ്കോളർഷിപ്പ്- ഒബി.സി വിഭാഗത്തിൽ ഉൾപ്പെടുന്നതും ഉന്നതപഠന നിലവാരം പുലർത്തി വരുന്നതുമായ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ ഉപരിപഠനം (പി.ജി, പി.എച്ച്.ഡി) നടത്തുന്നതിന് സ്കോളർഷിപ്പ് അനുവദിക്കുന്ന പദ്ധതി.

(ബി) പ്രസ്തുത വിദ്യാർത്ഥികൾക്ക് വിദേശരാജ്യങ്ങളിൽ പോയി പഠിക്കുന്നതിനുള്ള സ്കോളർഷിപ്പ് സംവിധാനങ്ങളുടെ വിശദവിവരങ്ങൾ നൽകാമോ;

മറുപടി: കേരളീയരായ പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഓവർസീസ് ഡെവലപ്പ്മെന്റ് ആന്റ് എംപ്ലോയ്മെന്റ് പ്രമോഷൻ കൺസൾട്ടന്റ് ലിമിറ്റഡും (ODPEC) സംയുക്തമായി "ഉന്നതി സ്കോളർഷിപ്പ് ഫോർ ഓവസീസ് സ്റ്റഡീസ്" മുഖേന നടപ്പിലാക്കി വരുന്നു. ഇതിനായി സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് വിദ്യാർത്ഥി scdd.kerala.gov.in വെബ് സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യുകയും, ODPEC മുഖാന്തിരം നടത്തുന്ന സ്ക്രീനിംഗിനു ശേഷം നടപടി അനുസരിച്ച് സ്കോളർഷിപ്പ് (സെലക്ഷൻ അപ്പീൽ) കമ്മിറ്റി തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്കാണ് വിദേശപഠന സ്കോളർഷിപ്പ് അനുവദിക്കുന്നത്. വാർഷികവരുമാനത്തിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി, വിദ്യാർത്ഥികൾക്ക് ചുവടെ പറയുന്ന 3 സ്ലാബുകളായിട്ടാണ് ആനുകൂല്യം അനുവദിക്കുന്നത്.

(1) 12 ലക്ഷം രൂപ വരെ വാർഷികവരുമാനം (175 പേർക്ക്

)- വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷ്വറൻസ്, ട്യൂഷൻ ഫീസ്, ജീവിത ചെലവ്/ താമസ ചെലവ് എന്നിവക്കായി പരമാവധി 25 ലക്ഷം രൂപ

(2) 12-20 ലക്ഷം രൂപ വരെ വാർഷികവരുമാനം (25 പേർക്ക്)- ട്യൂഷൻ ഫീസ് 15 ലക്ഷം രൂപ വരെ, വിസ, എയർ ടിക്കറ്റ്, ഹെൽത്ത് ഇൻഷ്വറൻസ്, ജീവിത ചെലവ് താമസ ചെലവ് എന്നിവയ്ക്കായി 5 ലക്ഷം രൂപ. പരമാവധി 20 ലക്ഷം രൂപ

(3) 20 ലക്ഷത്തിനു മുകളിൽ വാർഷികവരുമാനം (25 പേർക്ക്- ട്യൂഷൻ ഫീസ് പരമാവധി 15 ലക്ഷം രൂപ 50പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വരുമാന പരിധിയില്ലാതെ പരമാവധി 25 ലക്ഷം രൂപ വരെ അനുവദിച്ച് വരുന്നു.

പിന്നാക്ക വിഭാഗ വികസന വകുപ്പ് മുഖേന സംസ്ഥാനത്തെ ഒ.ബി.സി വിഭാഗങ്ങളിൽപ്പെട്ട അർഹരായ വിദ്യാർത്ഥികൾക്ക് വിദേശ സർവ്വകലാശാലകളിൽ മെഡിക്കൽ, എൻജീനീയറിങ്, സയൻസ്, കൃഷി, സോഷ്യൽ സയൻസ്, നിയമം, മാനേജ്മെന്റ്, കമ്പ്യൂട്ടർ സയൻസ്, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് തുടങ്ങിയ വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം (PG), പി.എച്ച്.ഡി എന്നീ കോഴ്സുകളിൽ ഉപരിപഠനം നടത്തുന്നവർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിക്കും. കുടുംബ വാർഷിക വരുമാനം 6 ലക്ഷം രൂപയിൽ കവിയാത്തതുമായ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാം. ടൈംസ് ഹയർ

എഡ്യൂക്കേഷൻ ലോക റാങ്കിങ്ങിലെ ആദ്യ 300 സർവ്വകലാശാലകളിൽ പ്രവേശനം നേടിയവരിൽ അർഹതയുടെയും കുടുംബ വാർഷിക വരുമാനത്തിന്റെയും അടിസ്ഥാനത്തിൽ പരമാവധി 10 ലക്ഷം രൂപ വീതവും തുടർന്നുള്ള 30 വിദ്യാർത്ഥികൾക്ക് പരമാവധി വിധേയമായി കോഴ്സ് ഫീസിന്റെ 25%, പരമാവധി 2.5 ലക്ഷം രൂപ വരെ മുൻകൂറായി അനുവദിക്കാവുന്നതാണ്. ഇ-ഗ്രാന്റ്സ് 3.0 പോർട്ടൽ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്.

(സി) പ്രസ്തുത വിദ്യാർത്ഥികൾക്ക് പുതിയതായി എന്തെങ്കിലും ഗ്രാന്റ്സ്, സ്കോളർഷിപ്പ് എന്നിവ നല്കാൻ വകുപ്പ് ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

<u>മറുപടി:</u> പരിഗണനയിലില്ല

സെക്ഷൻ ഓഫീസർ